# വയനാട് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഡിസംബർ അവസാന വാരം, വെബ് സൈറ്റ് ആരംഭിച്ചു

പ്രഥമ വയനാട് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഡിസംബർ 29 , 30 തിയ്യതികളിലാണ് ദ്വാരകയിൽ നടക്കുന്നത്.




ഡിസംബർ അവസാന വാരം മാനന്തവാടി ദ്വാരകയിൽ നടക്കുന്ന പ്രഥമ വയനാട് ലിറ്ററേച്ചർ ഫെസ്റ്റിവൽ (ഡബ്ല്യു.എൽ എഫ്) വെബ് സൈറ്റ്  കേരള സാഹിത്യ അക്കാദമി പ്രസിഡന്റും പ്രമുഖ കവിയുമായ സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്തു. ഫെസ്റ്റിവൽ ട്വിറ്റർ പേജ് കഥാകാരി പി വത്സല ഉദ്ഘാടനം ചെയ്തു. ഫേസ് ബുക് പേജ് ലോഞ്ച് സംവിധായകൻ മിഥുൻ മാനുവൽ തോമസ് നിർവഹിച്ചു. വാട്സ് അപ് ഗ്രൂപ്പുകളുടെ ഉദ്ഘാടനം എഴുത്തുകാരി കെ ആർ മീര നിർവഹിച്ചു.



പ്രഥമ വയനാട് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഡിസംബർ 29 , 30 തിയ്യതികളിലാണ് ദ്വാരകയിൽ നടക്കുന്നത്. അരുന്ധതി റോയ്, സഞ്ജയ് കാക്  സച്ചിദാനന്ദൻ, സക്കറിയ, ഒ കെ ജോണി, സുനിൽ പി ഇളയിടം, സണ്ണി കപിക്കാട്, പി കെ പാറക്കടവ്, കെ ജെ ബേബി ,കൽപ്പറ്റ  നാരായണൻ , റഫീക്ക് അഹമ്മദ, മധുപാൽ, അബു സലിം, ജോസി ജോസഫ്, എസ് സിതാര, ദേവ പ്രകാശ്, ഷീലാ ടോമി, ജോയി വാഴയിൽ, ധന്യ രാജേന്ദ്രൻ, സുകുമാരൻ ചാലിഗദ്ദ, അബിൻ ജോസഫ്, ലീന ഒളപ്പമണ്ണ, നവാസ് മന്നൻ തുടങ്ങിയവർ വിവിധ സെഷനുകളിലായി പങ്കെടുക്കും. നാടകം, സംവാദങ്ങൾ, കഥയരങ്ങ്, പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ, കവിയരങ്ങ്, ഗ്രാമീണ കലാരൂപങ്ങൾ, സാഹിത്യ കഥാപാത്രങ്ങളുടെ വിസ്മയത്തെരുവ്, ശിൽപശാലകൾ, ചിത്രവേദികൾ, സ്റ്റുഡന്റ് ബിനാലെ, പുസ്തകത്തെരുവ്, സംഗീതം, മാജിക്, ഹെറിറ്റേജ് വാക്ക് എന്നിവ ഫെസ്റ്റിവലിന്റെ മുഖ്യ ആകർഷണങ്ങളായിരിക്കും.




പ്രമുഖ മാധ്യമപ്രവർത്തകനും കാരവൻ മാഗസിൻ എക്സിക്യൂട്ടീവ് എഡിറ്ററുമായ ഡോ വിനോദ് കെ ജോസാണ്ഫെസ്റ്റിവൽ ഡയറക്ടർ. എഴുത്തുകാരായ വി എച്ച് നിഷാദ്, ഡോ. ജോസഫ് കെ ജോബ് എന്നിവർ ക്യുറേറ്റർമാരാണ്.

Last Updated Nov 28, 2022, 7:24 PM IST